**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5897** — **19.11.2019 - ൽ മറുപടിക്ക്.**

## നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക്

| ചോദ്യം<br>ശ്രീ. പി. വി. അൻവർ | മറുപടി<br>**ശ്രീ. ഇ. പി. ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി).** |
|---|---|
| (എ) നിലമ്പൂർ മണ്ഡലത്തിൽ ഭൂമി ലഭ്യമാക്കിയാൽ വ്യവസായ പാർക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ ; | (എ) : സാധ്യതാപഠനം നടത്തിയശേഷം തീരുമാനിക്കാവുന്ന കാര്യമാണ്. |
| (ബി) വ്യവസായ പാർക്കിന് ഭൂമി കൈമാറുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | (ബി) : വ്യവസായ ആവശ്യത്തിനായി ഭൂമി വ്യവസായ വകുപ്പിന് കൈമാറുന്നതിനുള്ള അറിയിപ്പ് കിട്ടുന്ന മുറയ്ക്ക് ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി പ്രസ്തുത സ്ഥലം സന്ദർശിച്ച് ആ പ്രദേശം വ്യവസായ ആവശ്യത്തിന് വിനിയോഗിക്കാവുന്നതാണോ എന്ന് പരിശോധിച്ച് പ്രസ്തുത സ്ഥലം വ്യവസായ വികസന പ്രദേശമായി ഏറ്റെടുക്കാവുന്നതാണെന്നുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് വ്യവസായ വാണിജ്യ ഡയറക്ടർക്ക് ലഭ്യമാക്കുകയും അതിന്റെയടിസ്ഥാനത്തിൽ സ്ഥലത്തിന്റെ സ്കെച്ച്, മഹസർ, പ്രസ്തുത പ്രദേശം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽനിന്നുള്ള ബാധ്യതരഹിത സർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സഹിതം പ്രസ്തുത ഭൂമി വ്യവസായ പാർക്കായി പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശ വ്യവസായ വാണിജ്യ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ.

ജക/16/11/19